## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.312** **09.04.2013 ൽ മറുപടിക്ക്**

### അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന കടുത്ത ചൂഷണത്തെക്കുറിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളെക്കുറിച്ച് പരാതികൾ ലഭിക്കാറുണ്ട്. ആലപ്പുഴ ജില്ലയിലെ കായംകുളത്ത് പ്രവർത്തിക്കുന്ന എയ്ഞ്ചൽ ആർക് സീനിയർ സെക്കൻഡറി സ്കൂളിനെതിരെ അധ്യാപക അസോസിയേഷൻ നൽകിയ പരാതി, എറണാകുളം ജില്ലയിലെ ആലുവയിൽ പ്രവർത്തിക്കുന്ന ശ്രീ സായി വിദ്യാവിഹാർ എന്ന സ്കൂളിനെതിരെ ശ്രീ.എംഎം.കൃഷ്ണ കുമാർ, മണിമന്ദിരം നൽകിയ പരാതി എന്നിവ ഇതിൽപെടുന്നവയാണ്. ഇത് സംബന്ധിച്ച് സർക്കാരിൽ ലഭിക്കുന്ന പരാതികൾ വിശദമായി പരിശോധിക്കുന്നതാണ്. |
| (ബി) ഒരു വിവേചനവുമില്ലാതുള്ള ഫീസ്, ഡൊണേഷൻ എന്നിവ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) സ്വകാര്യ സ്വാശ്രയ മേഖലയിലെ സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളിലെ ഫീസ്, ഡൊണേഷൻ എന്നിവ അതാത് മാനേജ്മെന്റുകളാണ് നിശ്ചയിക്കുന്നത്. അത് നിയന്ത്രിക്കുവാൻ നിലവിൽ സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥകളില്ല. |
| (സി) പ്രസ്തുത മേഖലയിൽ ജോലി നോക്കുന്നവർക്ക് മിനിമം ശമ്പളം പോലും ലഭിക്കുന്നില്ലെന്നും സേവന വ്യവസ്ഥകളൊന്നും പാലിക്കപ്പെടുന്നില്ലെന്നുമുള്ള പരാതികളും അതിനോടനുബന്ധിച്ച കോടതി നിർദ്ദേശങ്ങളും ശ്രദ്ധയിൽയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട്. ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 14.9.2012 ൽ പുറപ്പെടുവിച്ച വിധിയിലാണ് ഇത് സംബന്ധിച്ച പരാമർശമുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ G.O.(M.S) 384/12/G.Edn. dated 07.12.2012 പ്രകാരം കുട്ടികളുടെ എണ്ണത്തിൽ ഭേദഗതി വരുത്തി അദ്ധ്യാപകരുടെയും സ്റ്റാഫുകളുടെയും ശമ്പളം Clause (viii) സംബന്ധിച്ച കോടതിവിധി അംഗീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു. |

| | | | |
|---|---|---|---|
| (ഡി) | ഇക്കാര്യത്തിൽ എന്തൊക്കെ പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇനിയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ? | (ഡി) | 07.10.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 202/2011/പൊ.വി. എന്ന മാർഗ്ഗനിർദ്ദേശത്തിലെ Clause (viii) പ്രകാരം സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളിൽ അദ്ധ്യാപകർക്ക് സർക്കാർ സ്കൂളിലെ ശമ്പള സ്കെയിൽ അനുസരിച്ചുള്ള ശമ്പളവും അലവൻസും നൽകണമെന്ന് നിഷ്കർഷിക്കുന്നു. 14.2.2011 ലെ ജി.ഒ. (എം.എസ്) നമ്പർ 36/11/പൊ.വി ഉത്തരവ് പ്രകാരം വേതനം പുതുക്കി നിശ്ചയിച്ചിട്ടുമുണ്ട്. കൂടാതെ അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ യോഗ്യത, വേതനം എന്നിവ സംബന്ധിച്ച് കെ.ഇ.ആർ അദ്ധ്യായം XIV (AA) ൽ വ്യക്തമാക്കിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ